# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2448** 05.02.2018-ൽ മറുപടിക്ക്

## ഇടുക്കി ജില്ലയിലെ ഹൈഡൽ ടൂറിസം

| | ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി ജില്ലാ ആസ്ഥാനത്തെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി, ഇടുക്കി ജലാശയത്തിൽ ഹൈഡൽ ടൂറിസം മുഖേന വിനോദ സഞ്ചാരികൾക്ക് ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഇടുക്കി ജലാശയത്തിൽ വിനോദസഞ്ചാരികൾക്കായി മുൻകാലങ്ങളിൽ ഹൈഡൽ ടൂറിസം ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വനം വകുപ്പിന്റെ എതിർപ്പുണ്ട്. ഈ പ്രശ്നം പരിഹരിച്ച് ബോട്ടിംഗ് സൗകര്യം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്കായി ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടി ഡാം, കുണ്ടള ഡാം, ആനയിറങ്കൽ ഡാം, ശെങ്കുളം ഡാം എന്നിവിടങ്ങളിലാണ് ഹൈഡൽ ടൂറിസം വിനോദ സഞ്ചാരികൾക്കായി ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇടുക്കിയിൽ ജലാശയത്തിൽ വിനോദ സഞ്ചാരികൾക്ക് ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി പുതിയ ബോട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇടുക്കി ജലാശയത്തിലെ ബോട്ടിംഗ് വനം വകുപ്പിന്റെ എതിർപ്പിനെ തുടർന്ന് ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. തടസ്സങ്ങൾ മാറുന്ന മുറയ്ക്ക് ബോട്ടിംഗ് പുനഃരാരംഭിക്കുന്നതാണ്. |
| (ഡി) | ഓണം, ക്രിസ്തുമസ് സീസണുകളിൽ സർക്കാർ നൽകുന്ന പ്രത്യേക അനുമതിയുടെ ഭാഗമായി മുൻ വർഷങ്ങളിൽ ഇടുക്കി ജലാശയത്തിൽ ഹൈഡൽ ടൂറിസം മുഖേന നടത്തിയ ബോട്ടിംഗ് സർവ്വീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | വനംവകുപ്പിന്റെ എതിർപ്പിനെ തുടർന്ന് കഴിഞ്ഞ വർഷം ബോട്ടിംഗ് നടത്താൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ ഓണം, ക്രിസ്തുമസ് സീസണിലെ ചുരുങ്ങിയ കാലയളവിൽ മാത്രം നടത്തിയിട്ടുള്ള ബോട്ടിംഗ് ഹൈഡൽ ടൂറിസത്തിന് നഷ്ടമാണ് വരുത്തിയിട്ടുള്ളത്. |

(signature)

**സെക്ഷൻ ഓഫീസർ**